# പൂവേലികളും പരസ്യമതിലുകളും

**വേ**ലക്കാനു(വിലക്കുക=തടയുക)ള്ളതാണ് വേലി. അന്യമനുഷ്യരുടെയും മൃഗങ്ങളുടെയും സ്വതന്ത്രമായ സഞ്ചാരത്തെ പരിമിതപ്പെടുത്തി, ഇത് ഒരാളുടെ കൈവശഭൂമിയാണ്, നിങ്ങൾക്ക് സ്വതന്ത്രമായി കടന്നുകയറാനുള്ളതല്ല എന്ന് വിലക്കുകയാണ് വേലിയുടെ ധർമം.

പ്രദേശങ്ങൾക്കനുസരിച്ചും കാലഗതിക്കനുസരിച്ചും ഒട്ടേറെ രൂപഭേദങ്ങൾ ഉണ്ടായിട്ടുണ്ട് വേലിക്ക്.

വേലിയുടെ ഏറ്റവും സാധാരണ രൂപം സസ്യവേലിയാണ്. പറമ്പിന്റെ അതിരിൽ, അധികം തടിയ്ക്കാത്തതും



സുധീർ കുമാർ

അധികം ഉയരത്തിൽ വളരാത്തതുമായ കുറ്റിച്ചെടികൾ നിരനിരയായി നട്ടുപിടിപ്പിച്ചാണ് ഈ വേലി ഉണ്ടാക്കുന്നത്. കഷ്ടിച്ച് വിരൽ വണ്ണത്തിൽ മാത്രം വലുപ്പം വയ്ക്കുന്ന ഈ കുറ്റിച്ചെടികൾ നല്ല ബലമുള്ളവയും മനുഷ്യരുടെയും മൃഗങ്ങളുടെയും കടന്നുകയറ്റത്തെ ചെറുക്കാൻ കെല്പുള്ളവയുമാണ്. അധികം ആഴത്തിലോ വ്യാപ്തിയിലോ ഇവയുടെ വേരുകൾ വളർന്നുപോകാറില്ല. അതുകൊണ്ട് പറമ്പിൽനിന്നും വളമോ, വെള്ളമോ വലിച്ചെടുക്കുമെന്ന പേടിയുംവേണ്ട.

അതിർത്തി നിർണയിക്കുകയും അതിരിനുള്ളിലുള്ള ഭൂമിയെ സംരക്ഷിക്കുകയും മാത്രമായിരുന്നില്ല ഇത്തരം സസ്യവേലികളുടെ ധർമം. വേലിയുടെ ചുവടുഭാഗത്ത് രണ്ടു ഭാഗത്തുനിന്നും കുറേശെ മണ്ണിട്ട് പൊക്കി ഒരു ചെറിയ വരമ്പ് പോലെയുണ്ടാക്കി അതിനു നടുക്കായിരിക്കും ചെടികൾ നട്ടുപിടിപ്പിക്കുന്നത്. മഴക്കാലത്ത് ഈ ചെറുവരമ്പുകൾ പറമ്പിനുള്ളിൽ പെയ്യുന്ന മഴവെള്ളം പെട്ടെന്ന് പുറത്തേക്കൊഴുകിപ്പോകാനുള്ള സാധ്യത ഇല്ലാതാക്കുന്നു.

ശീമക്കൊന്ന, ഉഴുന്നോണ്ടി (വട്ട) എന്നിവ ഉദാഹരണം... 

നീരോലി, മൈലാഞ്ചി, കൊങ്ങിണിപ്പൂച്ചെടി, കാര മുതലായ തണ്ടിനു ബലമുള്ള ചെടികളാണ് സസ്യവേലികളുടെ നിർമാണത്തിനുപയോഗിക്കാറ്. തൊട്ടാൽ ചൊറിച്ചിലുണ്ടാക്കുന്നത്, തണ്ടിൽ മുള്ളുള്ളത്, തണ്ടിലോ ഇലയിലോ വിഷാംശം ഉള്ളത് എന്നീ വിശേഷതകളുള്ളതും എന്നാൽ ചില സന്ദർഭങ്ങളിൽ മരുന്നായി ഉപയോഗിക്കാവുന്നതുമായ ചില ചെടികളുണ്ട്. അവ പറമ്പിൽ നിന്നാൽ ഉപദ്രവകരമായതിനാൽ അത്തരക്കാരെ പ്രതിഷ്ഠിക്കാനുള്ള സ്ഥാനമായും വേലിയെ ഉപയോഗിച്ചിരുന്നു. കടിത്തുവ, ആവണക്ക്, ആടലോടകം, കുന്നി, കാഞ്ഞിരം എന്നിവ ഉദാഹരണം.

പറമ്പിലും പാടത്തും വളമിടുന്ന കാലത്ത് പച്ചിലവളമായി ഉപയോഗിച്ചിരുന്ന ചെടികളെയും വേലിക്കലാണ് വളർത്തിയിരുന്നത്. ശീമക്കൊന്ന, ഉഴുന്നോണ്ടി (വട്ട) എന്നിവ ഉദാഹരണം.

ചില പ്രത്യേക ഉദ്ദേശ്യത്തോടെ വളർത്തിയിരുന്ന ഐനിപ്ലാവ്, മുരിക്ക്, എരുക്ക്, പഞ്ഞി, മരോട്ടി, പുന്ന, മുള തുടങ്ങിയ മരങ്ങളും വേലിയോടു ചേർന്നാണ് നട്ടുപിടിപ്പിക്കാറ്. വളപ്പിലെ വളവും വെള്ളവും വലിച്ചെടുക്കാത്തതിനാൽ അവ വളർന്നുകൊള്ളും.

വേലിക്കടിയിലുള്ള വരമ്പിലെ പൊത്തുകളും മാളങ്ങളും എലി, പാമ്പ്, കിളികൾ തുടങ്ങിയ പല ജന്തുജാലങ്ങളുടെയും താവളങ്ങളായി വർത്തിച്ചു. വേലിച്ചെടികളിലെ കായും കനികളും പൂക്കളും കിളികളുടെയും ശലഭങ്ങളുടെയും ഭക്ഷണമായിരുന്നു. അങ്ങിനെ വേലികൾ ചെറിയതെങ്കിലും തനതായ ഒരു ആവാസവ്യവസ്ഥയും കൂടിയായിരുന്നു.

കുപ്പിച്ചില്ലുകൾ, തുരുമ്പിച്ച ലോഹഭാഗങ്ങൾ തുടങ്ങിയ അനാവശ്യസാധനങ്ങൾ കൊണ്ടുതള്ളാനുള്ള ഇടവും വേലിതന്നെയായിരുന്നു.

അങ്ങിനെ വേലികൾ അതിർത്തി നിർണയത്തിനും അതിർത്തി സംരക്ഷണത്തിനുമപ്പുറത്ത് മറ്റു പലതുമുണ്ടായിരുന്നു.

അനേകജാതി ചെടികളുടെ ഒരു കൂട്ടായ്മയാണ് സാധാരണ വേലികളെങ്കിലും അതിനപവാദങ്ങളുണ്ട്. ഉദാഹരണത്തിന്, കടലോരമേഖലകളിൽ വ്യാപകമായിക്കാണുന്ന കൈതവേലികൾ. അടുത്തടുത്തായി കുഴിച്ചിടുന്ന കൈതയുടെ മുള്ളുള്ള തടികൾ ശക്തമായ പ്രതിരോധം തീർക്കുന്നു. അതേസമയം, കൈതോലകൾ പായ്നെയ്ത്തിനാവശ്യമായ ഓലകൾ നല്കുകയും ചെയ്യുന്നു.

വസന്തകാലത്ത് എല്ലാ ചെടികളും പൂക്കുമ്പോൾ നാനാവർണ്ണങ്ങളിലുള്ള പൂക്കൾ ചൂടി വേലികൾ പൂവേലികളാകും. പൂക്കൾ കയറിയിറങ്ങുന്ന ശലഭങ്ങളുടെ ഉത്സവത്തിരക്കാകും വേലിപ്പുറമാകെ.

അങ്ങിനെ ഒരുകാലത്ത് ഗ്രാമീണ കേരളത്തിന്റെ സൗന്ദര്യവും സംരക്ഷണവും സ്വകാര്യതയും ആരോഗ്യവും പിന്നെയും മറ്റെന്തൊക്കെയോ കൂടിയായിരുന്ന വേലികൾ ഇന്ന് വംശനാശത്തിന്റെ വക്കിലാണ്.

(തുടരും)